കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ)- ജി.സി.ഡി.എ വക 70 സെന്റ് സ്ഥലത്ത് ഭവന സമുച്ചയം നിർമ്മിച്ച് പി&റ്റി കോളനിയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് FACT-RCF Building Products Ltd (FRBL) എന്ന കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനം മുഖേന നടപ്പിലാക്കുന്നതിന് 5 കോടി രൂപ എന്ന പ്രവൃത്തി പരിധിയിൽ ഇളവനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 1924/2019/തസ്വഭവ    തിരുവനന്തപുരം, തീയതി, 04.09.2019

പരാമർശം :- 1. സ.ഉ(സാധാ)നം.2862/2018/തസ്വഭവ തീയതി.8.11.2018
2. ലൈഫ് മിഷൻ സി.ഇ ഓയുടെ 07.03.2019 ലെ LM/EW/GCDA/2018 നമ്പർ കത്ത്
3. 19.06.2019 ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം
4. സ.ഉ (പി) നം. 77/2019/ധന തീയതി 04.07.2019
5. സ.ഉ(സാധാ) നം.1453/2019/തസ്വഭവ തീയതി 11.07.2019
6. സ.ഉ (സാധാ) നം. 1454/2019/തസ്വഭവ തീയതി 11.07.2019
7. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 07.08.2019 ലെ 9947/ഇ 1/2018/ജിസിഡിഎ നമ്പർ കത്ത്

## ഉത്തരവ്

സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി, കൊച്ചി നഗരസഭ പരിധിയിലുള്ള രാമേശ്വരം വില്ലേജിലെ സർവ്വേ നം.485, 488 എന്നിവയിലുൾപ്പെട്ട വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) വക 70 സെന്റ് സ്ഥലത്ത് രണ്ട് ബ്ലോക്കുകളിൽ നാലു നിലകളിലായി 88 ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഭവന സമുച്ചയം നിർമ്മിച്ച് കൊച്ചി പി & റ്റി കോളനിയിലെ 85 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് ടി ഭൂമിയുടെ ഉടമസ്ഥത ജിസിഡിഎ യിൽ നിലിനിർത്തി ഭവന സമുച്ചയം നിർമ്മിക്കുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്.

2. പരാമർശം 3 ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാന പ്രകാരം പുറപ്പെടുവിച്ച പരാമർശം 5 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്ക് വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) സമർപ്പിച്ച 15,84,50,000/- (പതിനഞ്ചു കോടി എൺപത്തിനാലു ലക്ഷത്തി അൻപതിനായിരം) രൂപയുടെ പ്രപ്പോസലിന് പരാമർശം 6 ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജി.സി.ഡി.എയുടെ എഞ്ചിനീയറിംഗ് പ്രൊജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്ന അതേ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകേണ്ടതാണെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 2 പ്രകാരം മേൽ ഭവന സമുച്ചയ നിർമ്മാണം പ്രീഫാബ് സാങ്കേതിക വിദ്യ (GFRG Pannel) ഉപയോഗിച്ച് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുള്ളത്. പ്രധാന കെട്ടിടത്തിന്റെ മരാമത്ത് പണികൾ, സെപ്റ്റിക് ടാങ്ക്, മഴ വെള്ള സംഭരണി, ഇലക്ട്രിക് പണികൾ, Yard Development, Compound Wall, Fire Fighting System, Contingency Charge, water and Electric Connection Charge, GST എന്നിവ ഉൾപ്പെടെയാണ് 15,84,50,000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നത്. ഈ കെട്ടിട നിർമ്മാണ രീതിയനുസരിച്ച് ഒരു യൂണിറ്റിന് 18,00,568 രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും Glass Fibre Re-inforced Gypsum (GFRG) wall Panel നിർമ്മിക്കുന്ന Fact- RCF Building Products Ltd (FRBL) എന്ന കേന്ദ്ര സർക്കാർ

പൊതുമേഖലാ സ്ഥാപനമാണ് മേൽ പദ്ധതി സമർപ്പിച്ചിരിക്കുന്നതെന്നും ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിരുന്നു. ഇവരുടെ Project Management Consultancy Charge ആയി മൊത്തം എസ്റ്റിമേറ്റിന്റെ 5% കൂടി ഉൾപ്പെടുത്തിയും എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് CPWD DSR 2016 (C1@Ernakulam-46.08%) പ്രകാരവുമാണ്. FRBL-ന്റെ പ്രപ്പോസലിൽ GFRG Technology-Production, Advantages saving etc, Project Gallery- Photos of some Executed Projects, Project Profile for 2 BHK Housing Complex for GCDA under Life Mission, estimates, Drawing എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു യൂണിറ്റിന് ഈ സാങ്കേതിക വിദ്യ അനുസരിച്ച് Pile Foundation Cost ഇല്ലാതെ 14,50,405/- രൂപയും Conventional Technology അനുസരിച്ച് pile cost ഇല്ലാതെ 17,49,666 രൂപയും GFRG Wall Panel ഉപയോഗിച്ചുള്ള നിർമ്മിതിക്ക് conventional Technology ഉപയോഗിച്ചുള്ള നിർമ്മിതിയേക്കാൾ 60% സമയക്കുറവ് ഉണ്ടാകുമെന്ന് FRBL അവകാശപ്പെടുന്നതായും ആയതിനാൽ ഈ പദ്ധതി നടപ്പാക്കുന്നതിനായി FRBL നെ പിഎംസി ആയി അംഗീകരിക്കാവുന്നതുമാണെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്തിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (4) ഉത്തരവു പ്രകാരമുള്ള അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽ FRBL (Specialised works using glass fibre gypsum board works as PMC) ഉൾപ്പെട്ടിട്ടുള്ളതാണെങ്കിലും, ഒരു വർഷം 50 കോടി രൂപയുടേയും ഒറ്റ പ്രവൃത്തിക്ക് 5 കോടി രൂപയുടേയും പരിധി നിശ്ചയിച്ചിട്ടുണ്ട്. FRBL എന്നത് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ FACT-യുടെ ഒരു സബ്സിഡിയറി കമ്പനിയായതിനാലും, ലൈഫ് മിഷന്റെ അപ്പാർട്ട്മെന്റ് പ്രൊജക്ട് എന്നത് പരിഗണിച്ചും , കൊച്ചി നഗരസഭാ പരിധിയിലുള്ള രാമേശ്വരം വില്ലേജിലെ ജി.സി.ഡി.എ വക സ്ഥലത്ത് ഭവന സമുച്ചയം പ്രീ ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന പദ്ധതി FRBL മുഖേന നടപ്പിലാക്കുന്നതിന് പരാമർശം 4 ഉത്തരവിലെ ഒറ്റ പ്രവൃത്തിക്ക് 5 കോടി രൂപ എന്ന പരിധിയിൽ ഇളവനുവദിച്ച് ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
ധനകാര്യ വകുപ്പ്.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎയ്ക്ക്